(ബി) ഇതുസംബന്ധിച്ച രേഖാമൂലമുള്ള ഉത്തരവ് റിസർവ്വ് ബാങ്കിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) ലഭിച്ചിട്ടില്ല.

സഹകരണ സംരംഭകത്വം

233(5392) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സഹകരണ സംരംഭകത്വം വഴി തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ ഓരോ ജില്ലകളിലും ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് സഹകരണ മേഖലയെ വികസിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് സഹകരണ സംരംഭകത്വം-തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുള്ള സഹായം എന്ന പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 2020-21 സാമ്പത്തികവർഷം 400 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 2021-22 സാമ്പത്തികവർഷം 300 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സൊസൈറ്റികളെ തിരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കൃഷി ഉത്പന്നങ്ങളെ ആസ്പദമാക്കി ഉത്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനും കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുക എന്നീ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ വിഭാവനം ചെയ്യുന്നത്. മൂല്യ വർദ്ധനവ്, പ്രോസസ്സിംഗ്, വിപണനം എന്നീ മേഖലകളിലാണ് ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നത്. ടി പദ്ധതിയിലുൾപ്പെടുത്തി നിലവിൽ പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി 1449 (പാപ്കോസ്) സഹകരണ സംരംഭകത്വം-തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുള്ള സഹായം എന്ന പദ്ധതിയിലുൾപ്പെടുത്തി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് ആൻഡ് പ്രോസസ്സിംഗ് സഹകരണ സംഘത്തിന് ആധുനിക റൈസ് മില്ല് സ്ഥാപിക്കുന്നതിനും സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമാണ് സർക്കാർ ധനസഹായം അനുവദിച്ചു വരുന്നത്. പാലക്കാട് ജില്ലയിലെ നെൽകർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കണ്ടെത്തുകയെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ചിട്ടുള്ള ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ ആലത്തൂർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

താലൂക്കിൽ കണ്ണന്ത്ര -1 വില്ലേജിൽ മാങ്ങോട് എന്ന സ്ഥലത്ത് 27.66 ഏക്കർ സ്ഥലം വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ചുമതല നബാർഡിന്റെ കൺസൾട്ടൻസി ഏജൻസിയായ NABCONS-നെയാണ് ഏൽപ്പിച്ചിരിക്കുന്നത്. 75.04 കോടി രൂപയാണ് പദ്ധതിക്ക് ചെലവ് കണക്കാക്കുന്നത്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി സിവിൽ വർക്കിന്റെ ഇ-ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2020-21 സാമ്പത്തിക വർഷം സർക്കാർ ഓഹരിമൂലധനമായി 100 ലക്ഷം രൂപയും സബ്സിഡിയായി 100 ലക്ഷം രൂപയുമായി ആകെ 200 ലക്ഷം രൂപ സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ തുടർ നിർമ്മാണ പ്രവർത്തനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ അരിയും മൂല്യവർദ്ധിത ഉത്പന്നങ്ങൾ സൂക്ഷിക്കുന്നതിനുമായി ഗോഡൗൺ നിർമ്മിക്കുന്നതിന് സർക്കാർ ഓഹരിമൂലധനമായി 100 ലക്ഷം രൂപയും സബ്സിഡിയായി 150 ലക്ഷം രൂപയുമായി ആകെ 250 ലക്ഷം രൂപ അനുവദിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

സഹകരണ മേഖലയിലെ സാമ്പത്തിക ക്രമക്കേടുകൾ

234(5393) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നടക്കുന്നതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകൾ, പണാപഹരണം, വായ്പാ തട്ടിപ്പുകൾ, സ്വർണ്ണപ്പണയ തട്ടിപ്പ് എന്നിവ നടത്തുന്നവരുടെ സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിനും നഷ്ടം അവരിൽനിന്നുതന്നെ ഈടാക്കുന്നതിനും നിലവിലുള്ള നിയമം അനുവദിക്കുന്നുണ്ടോ?

സഹകരണ മേഖലയിൽ നടക്കുന്നതായി പറയപ്പെടുന്ന സാമ്പത്തിക ക്രമക്കേടുകൾ, പണാപഹരണം, വായ്പാ തട്ടിപ്പുകൾ, സ്വർണ്ണപ്പണയ തട്ടിപ്പ് എന്നിവ നടത്തുന്നവരുടെ സ്ഥാവര-ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിനും നഷ്ടം അവരിൽനിന്നുതന്നെ ഈടാക്കുന്നതിനും, നിലവിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 68 (2) ചട്ടം 66 (7) (ii) (f)-ലെ വ്യവസ്ഥ പ്രകാരം, ഏതെങ്കിലും കാരണത്താൽ ഉത്തരവാദപ്പെട്ട വ്യക്തി നിശ്ചിത സമയപരിധിക്കുള്ളിൽ തുക അടയ്ക്കുന്നില്ലായെങ്കിൽ വിവരം രജിസ്ട്രാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതും രജിസ്ട്രാർ റവന്യൂ റിക്കവറി നിയമത്തിലെ വ്യവസ്ഥപ്രകാരം ഈടാക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.